**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3300** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ ഫിഷറീസ് യു. പി. സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 1.53 കോടി രൂപയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി രൂപയും അനുവദിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയതുമായ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഫിഷറീസ് യു. പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | സമഗ്ര ശിക്ഷാകേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 1.53 കോടി രൂപ പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ അനുവദിച്ച 1 കോടി രൂപയിൽ നിന്നും സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി പാർട്ട് ടെക്നിക്കൽ സാങ്ഷൻ നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | പ്രവൃത്തിയുടെ ഭാഗമായി പാർട്ട് ടെക്നിക്കൽ സാങ്ഷൻ നൽകിയ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു. 18.10.2025 ന് മുൻപ് പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതാണ് എന്ന് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം അറിയിക്കുകയുണ്ടായി. |
| (സി) | പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമായാൽ പ്രസ്തുത റിപ്പോർട്ടും, സമഗ്രശിക്ഷാ കേരള പദ്ധതി പ്രകാരം അംഗീകരിച്ച കെട്ടിടത്തിന്റെ പ്ലാനും, പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗിൽ സമർപ്പിച്ച് ലഭ്യമാകുന്ന ഡിസൈൻ പ്രകാരം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ